**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4416** **17.05.2017 ൽ മറുപടിയ്ക്ക്**

**വുമൺ പ്രൊട്ടക്ഷൻ ഓഫീസർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; | (എ) | സാമൂഹ്യനീതി വകുപ്പിൽ 4 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. |
| (ബി) | ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | സാമൂഹ്യനീതി വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഫീഡർ കാറ്റഗറിയിൽ ഏതൊക്കെ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ഒഴിവുള്ള വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നൽകുവാൻ കഴിയുന്നില്ല. ആയതിനാൽ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.